# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 652

29.01.2019- ൽ മറുപടിയ്ക്ക്

### ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| സഹകരണവകുപ്പിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (ഒ.റ്റി.എസ്) പ്രകാരം വായ്പ കുടിശ്ശികക്കാർക്ക് പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങളുടെ വിശദാംശം വെളിപ്പെടുത്താമോ? | പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക സംഘങ്ങൾ/ ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ബാങ്കുകളായി മാറ്റുന്നതിനും, സഹകാരികൾക്ക് അവരുടെ ബാധ്യതയിൽനിന്നും ആശ്വാസം നൽകുന്നതിനുമായി സംസ്ഥാനത്ത് സഹകരണമേഖലയിൽ നവകേരളീയം-കുടിശ്ശിക നിവാരണം 2019 ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ കാലാവധി 2018 ഡിസംബർ 1 മുതൽ 2019 ഫെബ്രുവരി 28 വരെ ആണ്. 2018 നവംബർ 30 വരെ പൂർണ്ണമായോ, ഭാഗികമായോ കുടിശ്ശികയായ വായ്പകൾ ഈ പദ്ധതിയിൽ പരിഗണിക്കുന്നതാണ്. എല്ലാ വായ്പാ ഒത്തുതീർപ്പുകളിലും പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നതുമാണ്. ഇരുപത്തിയഞ്ച് ലക്ഷം രൂപ വരെ ഉള്ള വായ്പകളിന്മേൽ കുടിശ്ശിക ആയിട്ടുള്ളവർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്.<br>സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയില്ലാത്ത മരണപ്പെട്ടതോ, മാരക രോഗങ്ങൾ ബാധിച്ചവരുടെയോ കുടിശ്ശിക വായ്പകളിന്മേലുള്ള പലിശ ഭാഗീകമായോ, പൂർണ്ണമായോ, മുതലും പലിശയും ചേർന്ന |

ബാധ്യത ഭാഗീകമായോ, പൂർണ്ണമായോ സംഘം ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംഘംതല കമ്മിറ്റിക്ക് 50,000/- രൂപ വരെ ഇളവ് അനുവദിക്കാവുന്നതാണ്. 50,000/- രൂപയ്ക്ക് മുകളിൽ ഒരു ലക്ഷം രൂപ വരെയുള്ള ഇളവുകൾ സംഘം ഭരണസമിതിയുടെ തീരുമാനത്തിന്റെയും സംഘംതല കമ്മിറ്റിയുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ ജില്ലാകമ്മിറ്റിക്ക് ഇളവ് അനുവദിക്കാവുന്നതാണ്. ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ളവ സംഘം ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശചെയ്ത് സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിക്ക് ഇളവിനായി സമർപ്പിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**